കൺസ്ട്രക്ഷൻ കോർപ്പറേഷനേയോ മറ്റാരെയെങ്കിലുമോ വിളിച്ച് നെഗോഷ്യേറ് ചെയ്തെങ്കിലും പണി നടത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഇനിയും ഇക്കാര്യം ഈ-സഭയിൽ ഉന്നയിക്കാനുള്ള അവസരം ഉണ്ടാകരുതെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടിനഹ) : സർ, മയ്യനാട്-താന്നി പാലത്തിന്റെ കാര്യം പലതവണ ഈ സഭയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതാണ്. 1981-ൽ ഇതിന് ഭരണാനുമതി നൽകി, 1983-ൽ സാങ്കേതിക അനുമതിയും നൽകി. ഇതുവരെതാമസമുണ്ടാകാനുള്ള കാരണം പാലംകെട്ടാനുള്ള സ്ഥലം കിട്ടിയില്ലെന്നുള്ളതാണ് ഇപ്പോൾ സ്ഥലം കിട്ടിക്കഴിഞ്ഞു. എല്ലാ നടപടികളും ആരംഭിച്ചിട്ടുണ്ട്. അടുത്തമാസം തന്നെ ടെൻഡർ വിളിക്കാൻ ഏർപ്പാട് ചെയ്തുകഴിഞ്ഞു.

## (30) മണിയൂർ-തുറയൂർ ഭാഗത്തെ ബണ്ടുനിർമ്മാണം

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : സർ, കാലാകാലങ്ങളിൽ വെള്ളപ്പൊക്കക്കെടുതിക്ക് ഇരയാക്കുന്ന പുഴയുടെ ഇരുവശങ്ങളിലായി കിടക്കുന്ന മണിയൂരും തുറയൂരും ഒരേ സമയത്ത് രണ്ട് ഭാഗവും കെട്ടി വെള്ളപ്പൊക്കം നിയന്ത്രിക്കുകയെന്നുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തിരുന്നു. അതിൽ തുറയൂർ ഭാഗത്ത് മാത്രം കെട്ടിയിരിക്കുന്നതു കൊണ്ട് മണിയൂരിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കക്കെടുതികൾ ഇരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. ഹരിജനങ്ങൾ വളരെയധികം താമസിക്കുന്ന, നെൽവാഴ കൃഷിക്ക് ഏറ്റവും പ്രധാനപ്പെട്ട ഈ സ്ഥലത്ത് ഭീമമായ നഷ്ടങ്ങൾ എല്ലാ കൊല്ലവും വന്നുകൊണ്ടിരിക്കുന്നു. ഈ വർഷം കൂനിൻമേൽ കുരു എന്നുള്ള നിലയിൽ തുറയൂർ ഭാഗത്ത് ബണ്ട് കെട്ടി ഒന്നരയടി കൂടി ഉയർത്തിയിരിക്കുന്നു. ഇത് നോട്ടപ്പിഴകൊണ്ടോ എന്തുകൊണ്ടാണെന്നു പറയാൻ പറ്റില്ല. ഒരു ഭാഗത്തുമാത്രം ചെയ്തതുകൊണ്ട് മറേറ ഭാഗത്ത് കഷ്ടനഷ്ടങ്ങൾ വർദ്ധിക്കുകയാണ്. അവിടത്തെ ചിരണ്ടത്തൂർ ചിറയിൽ വെള്ളം മുറിച്ച് താഴേക്ക് ഒലിച്ചുപോകുന്ന ഒരു പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ രണ്ട് പ്രവർത്തനങ്ങളും നീണ്ടുപോവുകയാണ്. ഏകദേശം മുന്നൂറോളം വീടുകൾക്ക് ഈ വെള്ളപ്പൊക്കക്കെടുതികൊണ്ട് ഭാഗീകമായും പൂർണ്ണമായും നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതു മനസ്സിലാക്കാൻ സാധിക്കും. വടകര താലൂക്കിൽപ്പെട്ട ഒരു താഴ്ന്ന പ്രദേശമാണ് മണിയൂർ പഞ്ചായത്ത്. ആ ഭാഗത്ത് ബണ്ട്കെട്ടി പ്രവർത്തനം ത്വരിതഗതിയിൽ നടത്തണമെന്നും ചെരണ്ടത്തൂർ ചിറയിൽ വെള്ളം ഒലിച്ചുപോകുന്ന പദ്ധതിക്ക് വേഗത കൂട്ടണമെന്നും ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, തുറയൂർ, മണിയൂർ പഞ്ചായത്തുകളിൽ തുറയൂർ പഞ്ചായത്തിലാണ് വെള്ളപ്പൊക്കത്തിന് കൂടുതൽ സാദ്ധ്യതയുള്ളത്. അതുകൊണ്ടാണ് അവിടെ പ്രയോറിറ്റി കൊടുത്തത്. രണ്ടുംകൂടി ഒരുമിച്ച് ചെയ്യാമെന്നു പറഞ്ഞത് ശരിയല്ല; പ്രത്യേകിച്ചാണ്. ഇതിനുവേണ്ടി ബഡ്ജറ്റിൽ പണം പ്രൊവൈഡ് ചെയ്തിട്ടുണ്ട്. ഏതാണ്ട് 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുണ്ട്. പക്ഷേ നാമമാത്രമായിട്ടേ പണം കൊള്ളിച്ചിട്ടുള്ളു. ഈ വർഷംതന്നെ അതിന്റെ പണി ഏറെടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly